രോഗങ്ങൾ ഉള്ളവർക്ക് 1000 രൂപയും പ്രതിമാസ ധനസഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെയും ചുമതലപ്പെടുത്തി. (സ.ഉ.(എം.എസ്)നം.89/2010/സാക്ഷേവ., തീയതി 6-12-2010)

(ii) ദുരിതബാധിർക്ക് സൗജന്യറേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. (സ.ഉ.(സാധ)നം.5216/10/റവ., തീയതി 3-12-2010) 11 പഞ്ചായത്തുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും വിദഗ്ധ (സ്പെഷ്യലിസ്റ്റ്) ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. വികലാംഗർക്ക് വീൽചെയറും മറ്റ് ഉപകരണങ്ങളും സൗജന്യമായി നൽകും. 'ആശ' വോളണ്ടിയർമാരും മറ്റ് ആരോഗ്യപ്രവർത്തകരും വഴി സാന്ത്വനചികിത്സ നൽകും. അധിക ജോലികൾക്കായി വേണ്ടിവരുന്ന ഡോക്ടർമാരെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും എൻ.ആർ.എച്ച്.എം.മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിച്ചു.

മേഖലയിലെ 13 പ്രാഥമികാരോഗ്യ/സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കുന്നതാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ രോഗികളുടെ യാത്രയ്ക്കാണ് ഇവ ഉപയോഗിക്കേണ്ടത്. ഇപ്പോൾ കാസർഗോഡുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിനു പുറമേ പെരിയയിലും ബദിയഡുക്കയിലും ഓരോ മൊബൈൽ യൂണിറ്റ് ലഭ്യാക്കും. മൂന്ന് വിഭാഗങ്ങളിലെയും ഓരോ ഡോക്ടർ, ഒരു പുരുഷ നേഴ്സ്, ഒരു സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർ സംഘത്തിലുണ്ടാകും.

ദുരിതബാധിതർക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും മറ്റ് ഉപകരണങ്ങളും സൗജന്യമായി വാങ്ങി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കും പഞ്ചായത്തുകൾ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ഇതിനായി പരിശീലനം കിട്ടിയ 184 'ആശ' വേളണ്ടിയർമാരുടെ സേവനം ഉപയോഗിക്കുന്നതാണ്.

എൻഡോസൾഫാൻ, ദുരിതബാധിതർക്ക് സാമ്പത്തിക സഹായം

57 (109) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ തോട്ടങ്ങളിലാണ് എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധമായി സംസ്ഥാന സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എൻഡോസൾഫാൻ കീടനാശിനി ഉപയോഗം വഴി മരണപ്പെട്ടവർക്കും ചികിത്സയിൽ കഴിയുന്നവർക്കും സംസ്ഥാന സർക്കാർ എന്തൊക്കെ സാമ്പത്തിക സഹായം നൽകി എന്നും, എത്ര രൂപ വീതം ആർക്കൊക്കെ നൽകി എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കീടനാശിനി ഉപയോഗം കാരണം എത്രപേർ മരിച്ചു എന്നും അതിൽ എത്രപേരുടെ ആശ്രിതർക്ക് എന്തുതുക വീതം സാമ്പത്തിക സഹായം നൽകി എന്നും, അവർ ആരൊക്കെയാണെന്നും, ചികിത്സാസഹായം നൽകിയത് ആർക്കൊക്കെയാണെന്നും വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഇന്ന് നൽകിവരുന്ന സാമ്പത്തിക സഹായം വളരെ പരിമിതമായതിനാൽ അഞ്ച് ലക്ഷത്തിൽ കുറയാത്ത തുക സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ ;

(ജി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം 31-10-2006-ൽ എസ്.ഒ 1874 (ഇ) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ളതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) മരണപ്പെട്ട 178 പേരുടെ ആശ്രിതർക്ക് 50,000 രൂപ വച്ച് നൽകിയിട്ടുണ്ട്. മാരകമായ അസുഖം ബാധിച്ച് കിടപ്പിലായവർക്ക് അവർക്ക് ലഭിക്കുന്ന 300 രൂപയ്ക്കു പുറമേ 700 രൂപ വീതം നൽകുന്നുണ്ട്. ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകുന്നുണ്ട്. ഇതു കൂടാതെ ചികിത്സാ സഹായവും നൽകി വരുന്നു. എത്ര രൂപ വീതം ആർക്കൊക്കെ സഹായം നൽകി എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്. ഇപ്പോൾ സൗജന്യ റേഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

(എഫ്) കേന്ദ്ര സഹായം ലഭ്യമാക്കി പരമാവധി സഹായം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ജി) മന്ത്രിസഭാ തീരുമാനപ്രകാരം കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(i) എൻഡോസൾഫാൻ ദുരിതബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും തൊഴിലെടുക്കാൻ കഴിയാത്തവരുമായവർക്ക് 2000 രൂപയും (300 രൂപ വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപ) മറ്റ് തരത്തിലുള്ള രോഗങ്ങൾ ഉള്ളവർക്ക് 1000 രൂപയും പ്രതിമാസ ധനസഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെയും ചുമതലപ്പെടുത്തി. (സ.ഉ.(എം.എസ്.)നം.89/2010/സാക്ഷേവ.,) തീയതി 6-12-2010

(ii) ദുരിതബാധിതർക്ക് സൗജന്യറേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. (സ.ഉ(സാധ)നം.5216/10/റവ., തീയതി 3-12-2012) 11 പഞ്ചായത്തുകളിലും

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും വിദഗ്ദ്ധ (സ്പെഷ്യലിസ്റ്റ്) ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. വികലാംഗർക്ക് വീൽ ചെയറും മറ്റ് ഉപകരണങ്ങളും സൗജന്യമായി നൽകും. 'ആശ' വോളണ്ടിയർമാരും മറ്റ് ആരോഗ്യപ്രവർത്തകരും വഴി സാന്ത്വന ചികിത്സ നൽകും. അധികജോലികൾക്കായി വേണ്ടിവരുന്ന ഡോക്ടരമാരെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിച്ചു. മേഖലയിലെ 13 പ്രാഥമികാരോഗ്യ/സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കുന്നതാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ രോഗികളുടെ യാത്രയ്ക്കാണ് ഇവ ഉപയോഗിക്കേണ്ടത്. ഇപ്പോൾ കാസർഗോഡുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിനുപുറമേ പെരിയയിലും ബദിയഡുക്കയിലും ഓരോ മൊബൈൽ യൂണിറ്റ് ലഭ്യമാക്കും. മൂന്ന് വിഭാഗങ്ങളിലെയും ഓരോ ഡോക്ടർ, ഒരു പുരുഷ നഴ്സ്, ഒരു സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർ സംഘത്തിലുണ്ടാകും.

ദുരിതബാധിതർക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും മറ്റ് ഉപകരണങ്ങളും സൗജന്യമായി വാങ്ങി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കും പഞ്ചായത്തുകൾ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ഇതിനായി പരിശീലനം കിട്ടിയ 184 'ആശ' വോളണ്ടിയർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

തിരുവനന്തപുരം അന്തർദേശീയ വിമാന ടെർമിനലിന്റെ പ്രവർത്തനം

58 (114) ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ പുതുതായി പണികഴിപ്പിച്ച ടെർമിനലിന്റെ പ്രവർത്തനം എന്ന് പൂർണ്ണമായി ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ടെർമിനലിന്റെ നിർദ്ദിഷ്ട പരീക്ഷണങ്ങൾ നടപ്പിലാക്കി കഴിഞ്ഞുവോ ;

(സി) പരീക്ഷണങ്ങളും ട്രയൽ റണ്ണിംഗ് നടത്തിയിട്ടും, ഈ ടെർമിനൽ കമ്മീഷൻ ചെയ്യാൻ ഇനിയും കാലതാമസമുണ്ടെന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) ഈ ടെർമിനലിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടത്തുന്നതിന് ഇനിയും പുതിയ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടോ ;

(ഇ) ഇതിനായി ഇനിയും കൂടുതൽ സ്ഥലം ലഭ്യമാക്കണമെന്ന് എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly